പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 5472

25/10/2011-ൽ മറുപടി
നല്കേണ്ടത്

## കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈവശപ്പെടുത്തുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ സർക്കാർ ഭൂമിയും കെട്ടിടങ്ങളും വ്യാപകമായി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ കടലോരപ്രദേശങ്ങളിൽ സർക്കാർ ഭൂമിയും കെട്ടിടങ്ങളും സ്വകാര്യവ്യക്തികൾ കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ കടലോരപ്രദേശത്തെ കൈയേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഫോർട്ട് കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ ബീച്ച് റോഡ് ഭാഗത്ത് മെ. സുറിരാ എനർജി, ഓൾഡ് ലൈറ്റ് ഹൗസ് ബ്രിസ്റ്റോ ഹോട്ടൽ എന്ന സ്ഥാപനം 00.22.000 സെന്റ് കൈവശപ്പെടുത്തിയിട്ടുള്ളതായും, ഇതിന് എൽ.സി. 3/10 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് ബി ഫോറം നല്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ പ്രത്യേക ദൗത്യസേന രൂപീകരിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരികയാണ്.<br>കോഴിക്കോട് ജില്ലയിൽ കൈയേറ്റം വ്യാപകമായിട്ടില്ലെങ്കിലും കടലോര ഭൂമി |

| | |
|---|---|
| | കൈയേറിയ ഏതാനും കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കോഴിക്കോട് ജില്ലയിൽ അന്വേഷണവും നിയമാനുസൃത നടപടി വില്ലേജ് ഓഫീസർ മുഖേനയും തഹസിൽദാർ മുഖേനയും സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് ജില്ലകളിൽ ഇത് പരിശോധിച്ചുവരികയാണ്. |
| (സി) എങ്കിൽ അന്വേഷണം നടത്തി, തുടർ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (സി) ശ്രദ്ധയിൽപ്പെട്ട എല്ലാ കേസുകളിലും 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമ നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ